പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.314 25.4.2017 ൽ മറുപടിയ്ക്ക്

## സ്വാവലംബൻ സമഗ്രആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം മറുപടി

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.കെ. ആൻസലൻ

,, കെ. ബാബു

,, കെ.കുഞ്ഞിരാമൻ

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് അംഗപരിമിതർക്കായി 'സ്വാവലംബൻ' എന്ന പേരിലുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം വിഭാഗത്തിലുള്ള അംഗപരിമിതരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) 1995 ലെ അംഗപരിമിത ആക്ടിൽ നിർവ്വചിച്ച പ്രകാരമുള്ള അന്ധത, കാഴ്ചക്കുറവ്, കേഴ്വിക്കുറവ്, കുഷ്ഠരോഗം ചികിത്സിച്ച മാറിയവർ, മാനസിക രോഗം, ചലന വൈകല്യം, ബുദ്ധി മാന്ദ്യം എന്നീ ഏഴ് വിഭാഗങ്ങളിൽപ്പെട്ട അംഗപരിമിതരെയാണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) എത്ര രൂപയുടെ ആരോഗ്യ ഇൻഷ്വറൻസാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതെന്നും എത്ര വയസ്സുവരെയുള്ളവർക്ക് ഈ പദ്ധതിയിൽ ചേരുവാൻ സാധിക്കുമെന്നും അറിയിക്കുമോ; | (സി) പ്രതിവർഷം പരമാവധി 2 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായിട്ടായിരിക്കും ഒരു കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. 65 വയസ്സു വരെ പ്രായമുള്ള അംഗപരിമിതർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. |
| (ഡി) ഇതിൽ വ്യക്തിഗത വിഹിതം എത്ര രൂപയാണെന്നും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അംഗപരിമിതരുടെ ഗുണഭോക്തൃവിഹിതം സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (ഡി) ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാവുന്നതിന് വ്യക്തിഗത വിഹിതമായി 357 രൂപയാണ് അടയ്ക്കേണ്ടത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതം സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ